# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 13

28.01.2019 ൽ മറുപടിക്ക്

### വനിത മതിലും നവോത്ഥാന മൂല്യങ്ങളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, വി.എസ്.ശിവകുമാർ<br>,, സണ്ണി ജോസഫ്<br>,, ഐ.സി.ബാലകൃഷ്ണൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നവോത്ഥാന മൂല്യങ്ങൾക്ക് കോട്ടങ്ങൾ സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) & (ബി) | ഇല്ല. എന്നാൽ നവോത്ഥാന പ്രസ്ഥാനങ്ങൾ തുടച്ച് നീക്കിയ ദുരാചാരങ്ങൾ തിരിച്ച് കൊണ്ട് വരുന്നതിന് ചില കേന്ദ്രങ്ങൾ ശ്രമിച്ചു പോരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാഹോദര്യം, മാനവികത, മതനിരപേക്ഷത തുടങ്ങിയ മൂല്യങ്ങൾ രാഷ്ട്രീയ നേട്ടങ്ങൾക്കായി അട്ടിമറിക്കുന്നതിനും പൊയ്പോയ കാലത്തെ ജാതിമേധാവിത്വ വ്യവസ്ഥയുടെ പുന:സ്ഥാപനത്തിന് വേണ്ടി ശ്രമിക്കുന്ന സ്ഥാപിത ശക്തികളും അവയുമായി ചേർന്ന് നിൽക്കുന്ന ചില രാഷ്ട്രീയ ശക്തികളുമാണ് ഇതിന് ഉത്തരവാദികളെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതൊക്കെ മൂല്യങ്ങൾക്കാണ് ശോഷണം സംഭവിച്ചതെന്നും അതിന് ഉത്തരവാദികൾ ആരെന്നും വ്യക്തമാക്കുമോ; | | |
| (സി) | നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനായി ജാതി സംഘടനകളുടെ യോഗം വിളിച്ചുകൂട്ടണമെന്ന് തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണ്; | (സി) | കേരളീയ നവോത്ഥാനത്തിന് ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുള്ള പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും യോഗമാണ് സർക്കാർ വിളിച്ച് ചേർത്തത്. നവോത്ഥാന മൂല്യങ്ങൾ തകർക്കുന്നതിന് ചില കേന്ദ്രങ്ങൾ ബോധപൂർവ്വമായ ശ്രമം ആരംഭിച്ച ഘട്ടത്തിൽ അതിനെ പ്രതിരോധിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ യോഗം വിളിച്ച് ചേർത്തത്. |

| | | | |
|---|---|---|---|
| (ഡി) | ഹിന്ദുമത സംഘടനകളെ മാത്രം വിളിച്ചുകൂട്ടിവേണം കേരളത്തിൽ നവോത്ഥാനം സൃഷ്ടിക്കേണ്ടത് എന്ന നിഗമനത്തിൽ എത്തിയത് എന്തുകൊണ്ടാണ് എന്ന് വെളിപ്പെടുത്താമോ; | (ഡി) | ഹിന്ദുമത സംഘടനകളെ മാത്രം വിളിച്ചുകൂട്ടിവേണം കേരളത്തിൽ നവോത്ഥാനം സൃഷ്ടിക്കേണ്ടത് എന്ന നിഗമനത്തിൽ എത്തിയിട്ടില്ല. ശബരിമല സ്ത്രീ പ്രവേശനത്തിന്റെ പശ്ചാത്തലത്തിൽ ഹിന്ദുമത വിഭാഗങ്ങൾക്കിടയിൽ നവോത്ഥാന മൂല്യങ്ങളെ ദുർബ്ബലപ്പെടുത്തുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം ഉണ്ടായപ്പോഴാണ് അത് സംബന്ധിച്ച് ചർച്ച ചെയ്യാൻ ഇത്തരം ഒരു യോഗം വിളിച്ചു ചേർത്തത് . നവോത്ഥാനം സംരക്ഷിക്കുന്നതിന് എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പങ്ക് വഹിക്കാനുണ്ടെന്നതിനാലാണ് നിലവിലുള്ള സമിതി നവോത്ഥാന ആശയങ്ങളോട് യോജിപ്പുള്ള മറ്റ് വിഭാഗങ്ങളെ ഉൾപ്പെടുത്തി വിപുലീകരിക്കാൻ തീരുമാനിച്ചത് |
| (ഇ) | വനിത മതിൽ സംഘടിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനം പ്രസ്തുത ജാതി സംഘടനകളുടെ യോഗത്തിലാണോ എടുത്തത് എന്നറിയിക്കാമോ; | (ഇ) | നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കണമെന്ന് താല്പര്യമുള്ള സംഘടനകളുടെ യോഗത്തിൽ ഉയർന്നുവന്ന പൊതുവായ അഭിപ്രായത്തെ തുടർന്നാണ് വനിത മതിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചത്. വനിത മതിലിൽ എല്ലാ വിഭാഗത്തിൽപ്പെട്ട സ്ത്രീകളും പങ്കെടുക്കുകയുണ്ടായി. |
| (എഫ്) | നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിന് മറ്റ് സമുദായത്തിൽപ്പെട്ട സംഘടനകൾക്ക് യാതൊരു പങ്കും ഇല്ലായെന്ന് വിലയിരുത്തുന്നുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിലാണോ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരെ ഡിസംബറിൽ ചേർന്ന യോഗത്തിൽ നിന്നും ഒഴിവാക്കിയത് എന്ന് വ്യക്തമാക്കാമോ? | (എഫ്) | നവോത്ഥാനം സംരക്ഷിക്കുന്നതിന് എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പങ്കുവഹിക്കാൻ ഉണ്ടെന്നതിനാലാണ് നിലവിലുള്ള സമിതി നവോത്ഥാന ആശയങ്ങളോട് യോജിപ്പുള്ള മറ്റ് വിഭാഗങ്ങളെ ഉൾപ്പെടുത്തി വിപുലീകരിക്കാൻ തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ